**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 05.08.2025

# തണ്ടപ്പേർ സർട്ടിഫിക്കറ്റിന് കൈക്കൂലി :- വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ.

തണ്ടപ്പേർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പരാതിക്കാരനിൽ നിന്നും 50,000/- രൂപ കൈക്കൂലി വാങ്ങവെ വയനാട് പയ്യാമ്പള്ളി വില്ലേജ് ഓഫീസർ കെ.ടി.ജോസിനെ വിജിലൻസ് ഇന്ന് (05.08.2025) കൈയ്യോടെ പിടികൂടി.

വയനാട് പയ്യമ്പള്ളി സ്വദേശിയായ പരാതിക്കാരന്റെ പിതാവിന് പയ്യമ്പള്ളി വില്ലേജിലെ ഒണ്ടയങ്ങാടിയിലുള്ള 73 സെന്റ് വയലും 52 സെന്റ് കര ഭൂമിയും അടങ്ങുന്ന വസ്തു പരാതിക്കാരന്റെ പേരിലേക്ക് ഇഷ്ടദാനമായി രജിസ്റ്റർ ചെയ്യുന്നതിന് വസ്തുവിന്റെ തണ്ടപ്പേർ സർട്ടിഫിക്കറ്റ് ആവശ്യമായി വന്നു. സ്ഥലത്തിന്റെ തണ്ടപ്പേർ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി 26-07-2025 തീയതി പയ്യാമ്പള്ളി വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. തുടർന്ന് പല പ്രാവശ്യം വില്ലേജ് ഓഫീസിൽ പോയി വില്ലേജ് ഓഫീസറെ നേരിൽ കണ്ട് പറഞ്ഞിട്ടും വില്ലേജ് ഓഫീസർ കൃത്യമായ മറുപടി നൽകാതെ പരാതിക്കാരനെ തിരികെ അയക്കുകയാണുണ്ടായത്. പരാതിക്കാരൻ വില്ലേജ് ഓഫീസറെ പലതവണ ഫോണിൽ ബന്ധപ്പെട്ടപ്പോഴും വില്ലേജ് ഓഫീസർ വ്യക്തമായ മറുപടി നൽകാതെ ഒഴിഞ്ഞ് മാറി. തുടർന്ന് 30-07-2025 തീയതി പരാതിക്കാരൻ വീണ്ടും വില്ലേജ് ഓഫീസിൽ നേരിട്ടെത്തി വിവരം തിരക്കിയപ്പോൾ പരാതിക്കാരന്റെ പിതാവിന്റെ പേരിലുള്ള വസ്തു പാലക്കാടുള്ള മൈനറായ മറ്റൊരു വ്യക്തിയുടെ പേരിലാണെന്നും തണ്ടപ്പേർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബുദ്ധിമുട്ടാണെന്നും പറഞ്ഞു. ഇന്നലെ വില്ലേജ് ഓഫീസർ പരാതിക്കാരനെ നേരിട്ട് ഫോണിൽ വിളിച്ച്, സ്ഥലം അളന്ന് നോക്കിയതിന് ശേഷം സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ വ്യക്തത വരുത്താമെന്ന് പറഞ്ഞതനുസരിച്ച് കാറുമായി വില്ലേജ് ഓഫീസിലെത്തിയ പരാതിക്കാരൻ വില്ലേജ് ഓഫീസറെയും വില്ലേജ് ഓഫീസിലെ മറ്റൊരു ഉദ്യോഗസ്ഥനെയും പരാതിക്കാരന്റെ കാറിൽ തന്നെ സ്ഥലം കാണിക്കാൻ കൊണ്ട് വന്നിരുന്നു. സ്ഥലം നോക്കിയ ശേഷം തിരികെ വില്ലേജ് ഓഫീസിൽ എത്തിയ സമയം പരാതിക്കാരനോട് മറ്റ് ഉദ്യോഗസ്ഥരെല്ലാം പോയതിന് ശേഷം ഒറ്റക്ക് കാണണമെന്നും, കുറച്ച് സംസാരിക്കാനുണ്ടെന്നും, കാത്തിരിക്കാനും വില്ലേജ് ഓഫീസർ പറഞ്ഞു. തുടർന്ന് രാത്രി 07.30 മണിയോട് കൂടി വില്ലേജ് ഓഫീസറുടെ റൂമിലേക്ക് പരാതിക്കാരനെ വിളിപ്പിക്കുകയും 50,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും ചെയ്തു. കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം വയനാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും,

തുടർന്ന് നിർദ്ദേശാനുസരണം വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (05.08.2025) വൈകുന്നേരം 04.00 മണിക്ക് വള്ളിയൂർക്കാവ് അമ്പലത്തിന് സമീപം വെച്ച് പരാതിക്കാരനിൽ നിന്നും 50,000/- രൂപ കൈക്കൂലി വാങ്ങവെ പയ്യമ്പള്ളി വില്ലേജ് ഓഫീസറായ കെ.ടി. ജോസിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.